## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2236** **18-03-2015-ലെ മറുപടിയ്ക്ക്**

## അന്യ സംസ്ഥാന ലോട്ടറികൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) കേരളത്തിൽ സിക്കിം ലോട്ടറി ഉൾപ്പെടെയുള്ള അന്യസംസ്ഥാന ലോട്ടറികൾ അനിയന്ത്രിതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;<br><br>ബി) പ്രസ്തുത ലോട്ടറികൾ തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) & ബി) | അന്യസംസ്ഥാന ലോട്ടറികൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. |
| സി) ഇവയെ നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ എന്ന് വിശദീകരിക്കാമോ? | സി) | കേന്ദ്ര ലോട്ടറി നിയമ പ്രകാരം ലോട്ടറി രംഗത്ത് നടക്കുന്ന നിയമ ലംഘനങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെങ്കിലും നിലവിൽ തീർപ്പ് കൽപ്പിക്കുവാനുള്ള നിയമ ലംഘനം സംബന്ധിച്ച കേസ്സുകളിൽ അന്തിമ വിധിവരുന്നതുവരെ നിയമ ലംഘനം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതും അത്തരക്കാരുടെ സ്ഥാപനങ്ങൾ പരിശോധിക്കുന്നതും ബഹു സുപ്രീം കോടതി തടഞ്ഞിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ സംസ്ഥാനത്തിനനുകൂലമായ വിധി വരുന്ന പക്ഷം നിയമ ലംഘനം നടത്തുന്നവർക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. കൂടാതെ അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിന് കേന്ദ്ര ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ.**